**ഇന്ന് ഒരു നേതാവും മുടക്കാൻ കാശുമുണ്ടെങ്കിൽ കോടതിയിലും പോകേണ്ടതില്ല പ്രതിക്ക് എന്നായിരിക്കുന്നു. പോലിസിനെ പാവ കളിപ്പിക്കുന്ന രാഷ്ട്രീയക്കാർക്കും, ചെയ്യുന്ന ജോലിക്ക് ശമ്പളത്തേക്കാൾ കൂടുതൽ കിമ്പളം വാങ്ങി സുഖിക്കുകയും രാഷ്ട്രീയക്കാർക്ക് വാലാട്ടി നിൽക്കുകയും ചെയ്യുന്ന സാമൂഹിക ബോധമില്ലാത്ത പോലിസ് ഓഫീസർമാർക്കും പെരുകുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ എങ്ങനെ കഴിയും?**

## കുറ്റകൃത്യങ്ങളിൽ കേരളം മുന്നിൽ

# മുന്നണികൾ പരസ്പരം പഴിചാരി രക്ഷപ്പെടുന്നു

**കണക്കല്ല,** കുറ്റവാളി കുറ്റം ഏറ്റുപറയുന്നതിലെ ദുരഭിമാനമാണ് പല വസ്തുതകളും അംഗീകരിക്കാതിരിക്കുന്നതിനോ സംശയത്തോടെ വ്യാഖ്യാനിക്കുന്നതിനോ നമ്മെ പ്രേരിപ്പിക്കുന്നത്. കുറ്റകൃത്യ നിരക്കിൽ കേരളം മുന്നിലാണെന്ന് കാണിക്കുന്ന നാഷ്നൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പുതിയ കണക്കുകൾ പുറത്തുവന്നപ്പോൾ അതത്ര ശരിയാണോ എന്ന ചോദ്യത്തോടെയാണ് പതിവുപോലെ പലരും നേരിട്ടത്. സംസ്ഥാനത്തെ പൊതുവായ ശാന്തത ചൂണ്ടിക്കാട്ടി കുറ്റകൃത്യങ്ങളുടെ കണക്കുകളെ നേരിടുകയാണ് സർക്കാർ. തങ്ങൾ ഭംഗിയായി തന്നെ ഭരിക്കുന്നു എന്നു വരുത്താൻ ഏതു സർക്കാരും ശ്രമിക്കുക സ്വാഭാവികം. എന്നാൽ വിഷയത്തെ സമീപിക്കുന്ന രീതിയിൽ പിഴവുണ്ട്. മറ്റു സംസ്ഥാനങ്ങളേക്കാൾ എത്രയോ ഭേദമാണ് കേരളം എന്നു പറയുമ്പോൾ തന്നെ, കേരളത്തിൽ കുറ്റകൃത്യ പ്രവണത വർധിക്കുന്നു എന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. യു.പിയെക്കാൾ, ബീഹാറിനെക്കാൾ വളരെ ശാന്തമാണ് കേരളം എന്ന ന്യായമുയർത്തി, കേരളത്തിൽ പെരുകുന്ന കുറ്റകൃത്യങ്ങളെ കുറച്ചു കാണുകയല്ല വേണ്ടത്. അങ്ങനെ ചെയ്യുന്നത് തെറ്റ് തിരുത്താനുള്ള നമ്മുടെ അലംഭാവമോ ആർജവമില്ലായ്മയോ ആണ് വെളിവാക്കുന്നത്.

എന്താണ് ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കുകൾ? എല്ലാവർഷവും ബ്യൂറോ ദേശീയ തലത്തിലെ കുറ്റകൃത്യ പ്രവണതകൾ ചൂണ്ടിക്കാട്ടുന്ന സ്ഥിതിവിവര കണക്കുകൾ പുറത്തിറക്കാറുണ്ട്. അതിന് ആധാരം ഓരോ സംസ്ഥാനത്തും രജിസ്റ്റർ ചെയ്യപ്പെടുന്ന ചെറുതും വലുതുമായ പോലിസ് കേസുകളാണ്. കേരള ജനതക്ക് നിയമബോധം കൂടുതലുണ്ട്. ആ നിലക്ക് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ, അന്യായങ്ങൾക്കെതിരെ നിയമനടപടികൾക്കായി പോലിസിനെയും കോടതിയെയും സമീപിക്കുന്നവർ കൂടുതലാണ്. വാദി മാത്രമല്ല പ്ര

തികളും പരാതികളുമായി പോലിസിൽ എത്തുന്നതാണ് രീതി. അതൊക്കെ കേസുകളുടെ എണ്ണം വർധിക്കാൻ കാരണമാകുന്നു. കണക്കുകൾക്കപ്പുറം കുറ്റകൃത്യങ്ങൾ യഥാർഥത്തിൽ കൂടുന്നുണ്ടോ, അവബോധംമൂലം കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നതാണോ എന്ന് കൃത്യമായി മനസ്സിലാക്കാൻ പ്രത്യേക പഠനമൊന്നും നടന്നിട്ടില്ല. പക്ഷേ, ഒന്നുണ്ട്; പരാതിക്ക് ആധാരമായ ചെറുതും വലുതുമായ കുറ്റങ്ങൾ ഉണ്ടാകാതെ ആരും കേസും കൂട്ടവുമായി നടക്കുന്നില്ല.

കുറ്റകൃത്യ കണക്ക് പെരുപ്പിച്ചതാണ് എന്ന് വാദിക്കുന്നവർ ഈ യാഥാർഥ്യം ബോധപൂർവം മറച്ചുവെക്കുന്നു എന്നതാണ് നേര്. ഇവിടെയാണ് നമ്മുടെ വാദമുഖം വഴിതിരിയുന്നത്. കുറ്റകൃത്യ പ്രവണത സമൂഹത്തിൽ വർധിക്കുന്നു എന്ന യാഥാർഥ്യം തുറന്നു പറയേണ്ടിടത്ത്, നിങ്ങൾ ഭരിച്ച കാലത്താണ് പ്രശ്നങ്ങൾ എന്ന് വരുത്താനുള്ള രാഷ്ട്രീയലാക്ക് മാത്രമാണ് ഇടതു-വലത് മുന്നണികൾ കാണിക്കുന്നത്. കണക്കല്ല ഇവിടെ കുറ്റവാളി. യു.ഡി.എഫ് ഭരിക്കുമ്പോഴാകട്ടെ, എൽ.ഡി.എഫ് ഭരിക്കുമ്പോഴാകട്ടെ, കണക്കുകളുടെ നേരിയ ഏറ്റക്കുറച്ചിലുകൾക്കിടയിൽ, കുറ്റകൃത്യ പ്രവണത കേരളത്തിൽ വർധിച്ചു വരികയാണ്.

കണക്കുകളിലേക്ക് വരാം: ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കുകൾ 2006-ലേതാണ്. അതനുസരിച്ച് കുറ്റകൃത്യ നിരക്കിൽ കേരളമാണ് മുന്നിൽ. 2006 ഇടതുമുന്നണി ഭരിച്ച വർഷമാണ്. 2005-ലും കുറ്റകൃത്യ നിരക്കിൽ കേരളം തന്നെ മുന്നിൽ. ആദ്യ പകുതിയിൽ യു.ഡി.എഫും രണ്ടാംപകുതിയിൽ എൽ.ഡി.എഫും ഭരിച്ച വർഷമാണ് 2005. അക്കൊല്ലം ദേശീയ ശരാശരി 165.3 ആരെങ്കിൽ കേരളത്തിൻെറ തോത് 313 ആയിരുന്നു. 2006-ൽ ദേശീയ ശരാശരി 167.7-ഉം കേരളത്തിന്റേത് 312.5-ഉം ആണ്. ഇതിൽനിന്ന്, നേരത്തെ പറഞ്ഞുവെച്ച കാര്യം വ്യക്തം. കുറ്റകൃത്യ പ്രവണതയിൽ പ്രധാന സംഗതി ഭരണ മാറ്റമല്ല. അത് ഒരു ഘടകമല്ല എന്ന് ഇതുകൊണ്ട് അർഥമാക്കുന്നുമില്ല. ആരു ഭരിച്ചാലും കുറ്റകൃത്യം കുറക്കുന്നതിൽ പരാജയമാണെന്ന അർഥവുമുണ്ട്. പൊതു ജനങ്ങൾക്കു നേരെ ഏറ്റവും കൂടുതൽ അക്രമം ഉണ്ടായ സംസ്ഥാനങ്ങൾക്കിടയിലും സാക്ഷരകേരളത്തിന് മോശമല്ലാത്ത മൂന്നാം സ്ഥാനമുണ്ട്. 6,365 കലാപ കേസുകളാണ് 2006-ൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. ബീഹാറും മഹാരാഷ്ട്രയും കഴി

**മറ്റു സംസ്ഥാനങ്ങളേക്കാൾ എത്രയോ ഭേദമാണ് കേരളം എന്നു പറയുമ്പോൾ തന്നെ, കേരളത്തിൽ കുറ്റകൃത്യ പ്രവണത വർധിക്കുന്നു എന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. യു.പിയേക്കാൾ, ബീഹാറിനേക്കാൾ വളരെ ശാന്തമാണ് കേരളം എന്ന ന്യായമുയർത്തി, കേരളത്തിൽ പെരുകുന്ന കുറ്റകൃത്യങ്ങളെ കുറച്ചു കാണുകയല്ല വേണ്ടത്. അങ്ങനെ ചെയ്യുന്നത് തെറ്റ് തിരുത്താനുള്ള നമ്മുടെ അലംഭാവമോ ആർജവമില്ലായ്മയോ ആണ് വെളിവാക്കുന്നത്.**

ഞ്ഞാൽപിന്നെ, പട്ടികയിൽ കേരളമാണ്. ദേശീയ ശരാശരി 5.8 ആണെങ്കിൽ കേരളത്തിന്റെ തോത് 20.2 ആണ്. രാജ്യത്ത് ഏറ്റവും കൂടുതൽ കലാപ കേസുകൾ ഉണ്ടായ ജില്ലയെന്ന ദുഷ്പേര്, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ പിന്തള്ളി കണ്ണൂർ സമ്പാദിച്ചിരിക്കുന്നു. 737 കേസുകളാണ് 2006ൽ കണ്ണൂരിൽ രജിസ്റ്റർ ചെയ്തത്. കവർച്ച കേസുകളിലും സ്ഥിതി മെച്ചമല്ല. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, ബീഹാർ എന്നിവക്ക് ചുവടെ കേരളമുണ്ട്. തെക്കേയറ്റത്തെ അത്ര കൊച്ചു സംസ്ഥാനമല്ല ഇക്കാര്യത്തിൽ കേരളം.

ശ്രദ്ധിക്കപ്പെടാതെ പോയ മറ്റൊരു കാര്യവും 2006-ലെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകളിലുണ്ട്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം 10,000-ൽ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട രാജ്യത്തെ 15 പോലിസ് ജില്ലകളുടെ കൂട്ടത്തിൽ കൊല്ലവും ഉൾപ്പെട്ടിരിക്കുന്നു. ഇതാദ്യമായാണ് കേരളത്തിന് ഇത്തരമൊരു 'പദവി'യുള്ള പോലിസ് ജില്ല ലഭിക്കുന്നത്. 10,388 ഐ.പി.സി കേസുകളാണ് കൊല്ലത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കേരളത്തിൽ പോലിസുകാർ 43,544; പോലിസിനെതിരായ പരാതികൾ 1,718. ശരാശരി 25 പോലിസുകാരിൽ ഒരാൾക്കെങ്കിലും എതിരെ പരാതിയുണ്ട്. കണക്കുകൾ അങ്ങനെ നീളുന്നു.

പരസ്പരം പഴിചാരി രക്ഷപെടുന്ന രാഷ്ട്രീയ വിഴുപ്പലക്കൽ നിൽക്കട്ടെ. നമ്മുടെ സംസ്ഥാനത്ത് കുറ്റകൃത്യം കൂടി വരുന്നതിന് എന്താണ് കാരണം? ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ് കേരളം. മഹാനഗരങ്ങളിലെന്നപോലെ ജനസാന്ദ്രത കുറ്റകൃത്യം വർധിക്കുന്നതിന് കാരണമാണ്. ചില പോലിസുദ്യോഗസ്ഥർ പറയുന്ന കാരണം അതാണ്. ജനസാന്ദ്രത ഒന്നുകൊണ്ടു മാത്രം കുറ്റകൃത്യങ്ങൾ വർധിക്കുമോ? ജനങ്ങളുടെ ചിന്താഗതികളിൽ, ജീവിത ശൈലികളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ് പ്രധാനം. ഉദാരീകരണത്തിന്റെയും മുതലാളിത്തത്തിന്റെയും ജീവിത ശൈലികളിൽ മൂല്യങ്ങളേക്കാൾ, സമ്പത്താണ് മേൽക്കോയ്മ നേടുന്നത്. സാക്ഷര സമ്പന്നമായ കേരളം, സമ്പത്തിന്റെ മോശം പ്രവണതകൾ കൂടുതൽ കൂടുതലായി സ്വാംശീകരിച്ചു കൊണ്ടിരിക്കുകയാണ്. ഒരു വശത്ത് ആഡംബര ജീവിതത്തിൻെറ പുതിയ പതിപ്പുകൾ. മറുവശത്ത്, കാർഷിക സമൃദ്ധിയിൽനിന്ന് കർഷകാത്മഹത്യകൾ വരെയുള്ള ദുരന്തങ്ങൾ. ഉള്ളവനും ഇല്ലാത്തവനും തമ്മിലെ അകലം വർധിക്കുന്നതിനൊപ്പം, ആത്മഹത്യാപരമായ അനുകരണശൈലിയും നമുക്ക് വിപത്തായി മാറുന്നു. കാണം വിറ്റും ഓണമുണ്ണാൻ ശീലിച്ച സാധാരണക്കാർ ദാരിദ്ര്യത്തിനിടയിലും തൊഴുത്തിൽ കെട്ടാൻ പറ്റാത്ത ആനകളായി മുതലാളിത്ത ജീവിത ശൈലികളോട് മത്സരിച്ച് തോറ്റമ്പുന്നു. സമ്പന്നരാകട്ടെ, ഗ്ലോബൽ വില്ലേജിൻെറ വർത്തമാന കാലത്തെ വേണ്ടാത്ത പ്രവണതകൾ കേരളത്തിൽ അടിച്ചേൽപിക്കുന്നു.

പണം കാര്യങ്ങൾ തീരുമാനിക്കുന്ന ലോകത്ത് ഈ ധാരാളിത്തവും ദാരിദ്ര്യവും അന്ധമായ അനുകരണവും ഒരുപോലെ കേരളീയരെ കൂടുതൽ കൂടുതൽ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നുവെന്നത് യാഥാർഥ്യം മാത്രമാണ്. മദ്യം മുതൽ ഫാഷൻ ഷോകൾ വരെ പ്രബുദ്ധ കേരളത്തിന്റെ അധമവാസനകൾ പോഷിപ്പിക്കുകയും കുറ്റകൃത്യ ഗ്രാഫ് ഉയർത്തുകയും ചെയ്യുകയാണെന്ന കാര്യം ആർക്കു നിഷേധിക്കാൻ കഴിയും? മറു

വശത്ത് സംഘടിത കുറ്റകൃത്യങ്ങൾ വർധിക്കുന്നു. മാഫിയ പിടിമുറുക്കുകയാണ് കേരളത്തിൽ. രാഷ്ട്രീയക്കാരുടെ തണലിൽ ഗുണ്ടകൾ വിലസുന്നു. കാമ്പസുകൾ വിദ്യാർഥി രാഷ്ട്രീയത്തിനപ്പുറത്തെ കുറ്റകൃത്യ കളരിയാണ്. സുരക്ഷിതമെന്ന് പേരുകേട്ടിരുന്ന സംസ്ഥാനത്തിന് കുറ്റകൃത്യങ്ങളുടെ നഗര രീതികൾ ഇന്ന് അന്യമല്ല. രാഷ്ട്രീയ പാർട്ടികളുടെയും പോലിസിന്റെയും കാര്യമോ? കുറ്റകൃത്യം തെളിയിക്കുന്നതിൽ മുമ്പന്മാരായിരുന്ന കേരള പോലിസ് ഇന്ന് കേസൊതുക്കുന്നതിലാണ് കുപ്രസിദ്ധി നേടിയിരിക്കുന്നത്. രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രമാദമായ കേസുകളിൽ എത്രയെണ്ണം തെളിയിക്കപ്പെടുന്നുണ്ട്? സമർഥമായൊരു അന്വേഷണമോ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ആത്മാർഥ ശ്രമങ്ങളോ ഉണ്ടാവുന്നില്ല.

ആയിരം രൂപയും മള്ളൂരുമുണ്ടെങ്കിൽ ആരെയും കൊല്ലാം, കോടതിയിൽ നിന്ന് ഊരിപ്പോരാം എന്നൊരു ചൊല്ലുണ്ടായിരുന്നു കേരളത്തിൽ. മള്ളൂരിനെക്കുറിച്ച് പറയേണ്ടതില്ല-പ്രശസ്ത അഭിഭാഷകൻ. മള്ളൂരിൻെറ വക്കീൽ ഫീസ് ആയിരം രൂപയായിരുന്നു. തുക കൊടുത്ത് മള്ളൂരിനെ കേസ് വാദിക്കാൻ വിട്ടാൽ പ്രതിക്ക് ഇരുമ്പഴി കാണേണ്ടി വരില്ല. ഇന്ന് ഒരു നേതാവും മുടക്കാൻ കാശുമുണ്ടെങ്കിൽ കോടതിയിലും പോകേണ്ടതില്ല പ്രതിക്ക് എന്നായിരിക്കുന്നു. കാശ് എണ്ണിക്കൊടുത്താൽ നേതാവ് പോലിസ് സ്റ്റേഷന്റെ തിണ്ണ നിരങ്ങിക്കൊള്ളും. എന്തിന്? പോലിസ്, നേതാവിനെ വീട്ടിലെത്തി സല്യൂട്ട് ചെയ്യുമല്ലോ. പോലിസിനെ പാവ കളിപ്പിക്കുന്ന രാഷട്രീയക്കാർക്കും, ചെയ്യുന്ന ജോലിക്ക് ശമ്പളത്തെക്കാൾ കൂടുതൽ കിമ്പളം വാങ്ങി സുഖിക്കുകയും രാഷ്ട്രീയക്കാർക്ക് വാലാട്ടി നിൽക്കുകയും ചെയ്യുന്ന സാമൂഹിക ബോധമില്ലാത്ത പോലിസ് ഓഫീസർമാർക്കും പെരുകുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ എങ്ങനെ കഴിയും? പോലിസിനെ കയറൂരി വിടാതിരിക്കുന്നത് നല്ലത്. പക്ഷേ, സ്വതന്ത്രമായി പ്രവർത്തിക്കാൻ രാഷ്ട്രീയപാർട്ടികൾ പോലിസിനെ അനുവദിക്കുന്നില്ല. എല്ലാറ്റിനുമിടയിൽ പോലിസ് ജനങ്ങളുടെ സംരക്ഷകരാവുന്നില്ല.

ഏറ്റവും കൂടുതൽ കലാപക്കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട കണ്ണൂരിന്റെ കാര്യമെന്താണ്? കണ്ണൂരിന്റെ ദുഷ്പേര് മാറിക്കിട്ടാൻ പരസ്പരം വാളോങ്ങിനിൽക്കുന്ന ബി.ജെ.പിയും ആർ.എസ്.എസും, സി.പി.എമ്മുമാണ് വിചാരിക്കേണ്ടത്. പരസ്പരം കടിച്ചുകീറാൻ നിൽക്കാതെ, ഫാഷിസ്റ്റ് സ്വഭാവം ഉപേക്ഷിച്ച്, ജനാധിപത്യപരമായ രീതികൾ ഉൾക്കൊള്ളാൻ ഇരുകൂട്ടരും തയാറാകേണ്ടതുണ്ട്. പ്രബുദ്ധതയുടെ മേലങ്കി അണിയുകയും കൊല്ലും കൊലയും നടത്തുകയും ചെയ്യുന്ന വിരോധാഭാസമാണ് കണ്ണൂരിലേത്. സാംസ്കാരിക സമ്പന്നമെന്ന് മേനി പറയുന്നതിനപ്പുറം, കുറ്റകൃത്യങ്ങൾ അവസാനിപ്പിച്ച് മൂല്യങ്ങളുടെ സമ്പത്ത് കാത്തുസൂക്ഷിക്കാൻ കുറ്റകൃത്യ നിരക്കിൻെറ ആശങ്കാജനകമായ കണക്കുകൾ കണ്ണൂരിനെയും കേരളത്തെയും പ്രേരിപ്പിച്ചിരുന്നെങ്കിൽ! ■